(ബി) കെ. എസ്. ആർ. ടി. സി.-യിൽ നിർമ്മിച്ചതിനുള്ള തുക

ഫാസ്റ്റ് പാസഞ്ചർ .. 6,73,366

സൂപ്പർ ഫാസ്റ്റ് .. 7,47,992

(ക്വിറ്റ് വാങ്ങി നിർമ്മിച്ചത് ഓവർ ഹെഡ് സഹിതം)

സ്വകാര്യസ്ഥാപനങ്ങളിൽ ഇപ്പോൾ ബോഡി നിർമ്മിക്കുന്നത്.

ഫാസ്റ്റ് പാസഞ്ചർ .. 512550

സൂപ്പർ ഫാസ്റ്റ് .. 548000

(ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കൂടാതെ)

(സി) 140 എണ്ണം.

(ഡി) ഫാസ്റ്റ് പാസഞ്ചർ .. 673366

സൂപ്പർ ഫാസ്റ്റ് .. 747992

(ഓവർ ഹെഡ് ചാർജ്ജ് സഹിതം)

(ഇ) ലാഭിക്കാൻ കഴിയുകയില്ല.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

കെ. എസ്. ആർ. ടി. സി. വാങ്ങിയ ഹൈടെക് ബസ്സുകൾ

59 [1366] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കെ. എസ്. ആർ. ടി. സി. എത്ര ഹൈടെക് ബസ്സുകൾ നിരത്തിലിറക്കി;

(ബി) ഏതെല്ലാം കമ്പനികളിൽ നിന്നാണ് ഇവ വാങ്ങുന്നത്; ഇവയ്ക്ക് ഓരോ കമ്പനികളും ഈടാക്കുന്ന വില എത്രയാണ്;

(സി) ഇവയുടെ ബോഡി നിർമ്മാണം ഏതെല്ലാം സ്ഥാപനങ്ങളിലാണ് ചെയ്യുന്നത്;

(ഡി) ബോഡി നിർമ്മാണത്തിന് ഓരോ സ്ഥാപനത്തിനും എത്ര രൂപ വച്ച് നൽകുന്നു;

(ഇ) കെ. എസ്. ആർ. ടി. സി. വർക്ക്ഷോപ്പുകളിൽ ഇവയുടെ ബോഡി നിർമ്മിക്കുന്നുണ്ടോ; എങ്കിൽ ഒരു ബസ്സിന്റെ ബോഡി നിർമ്മിക്കുന്നതിന് എത്ര രൂപ ചെലവാകും;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പല ഹൈടെക് ബസ്സുകളിലേയും സീറ്റ് സംവിധാനം യാത്രക്കാർക്ക് അസൗകര്യം ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 488 എണ്ണം.

(ബി) ടാറ്റാ, അശോക് ലൈലാന്റ് എന്നീ കമ്പനികളിൽ നിന്നാണ് ബസ് ചേസിസ് വാങ്ങുന്നത്. ചേസിസ് ഒന്നിന് ഈ കമ്പനികൾ ഈടാക്കുന്ന തുക താഴെക്കൊടുത്തിരിക്കുന്നു.

ടാറ്റാ	..	7,02,069 രൂപ.
അശോക് ലൈലാന്റ്	..	7,44,521 രൂപ.

(സി) കെ. എസ്. ആർ. ടി. സി.-യുടെ വർക്ക്ഷോപ്പുകളിലും കൂടാതെ പ്രമുഖ ബോഡി നിർമ്മാതാക്കളായ ഇരിസാർ ടി.വി.എസ്., ഹാർഷാ വീൽ മുവേഴ്സ്, ബാംഗ്ലൂർ, ശ്രീ ശക്തി ഇൻഡസ്ട്രീസ്, കരൂർ, റോയൽ എൻജിനീയറിംഗ് കമ്പനി, കരൂർ, ഹൈ ടെക് ഓട്ടോ ക്രാഫ്ട്, ആലപ്പുഴ, പോപ്പുലർ മെഗാ മോട്ടോർ, പള്ളിക്കൽ എന്നിവിടങ്ങളിൽനിന്നുമാണ് ബോഡി ചെയ്യുന്നത്.

(ഡി) ബോഡി നിർമ്മാണത്തിന് മേൽപ്പറഞ്ഞ കമ്പനികൾക്ക്, ട്രാൻസ്പോർട്ടേഷൻ കൂടാതെ ഒന്നിന്

ഫാസ്റ്റ് പാസഞ്ചർ	..	5,12,550 രൂപ.
സൂപ്പർ ഫാസ്റ്റ്	..	5,48,000 രൂപ.
(ഇ) ഫാസ്റ്റ് പാസഞ്ചർ	..	6,73,366രൂപ.
സൂപ്പർ ഫാസ്റ്റ്	..	7,47,992 രൂപ.(ബോഡി കിറ്റ് വാങ്ങി ചെയ്യുമ്പോൾ)

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി

60 [1367] ശ്രീ. എ. എൻ. രാജൻ ബാബു:

„ ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പുതുതായി ഇറക്കിയ ബസ്സുകൾ ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിയുന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഇത്തരം ബസ്സുകൾ സർവ്വീസിനായി നിരത്തിലിറക്കുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly